മംഗളം

08 March 2021



● മത്സ്യ കൂടുകൃഷി യൂണിറ്റിൽ സ്മിജ മീനുകൾക്ക് തീറ്റ നൽകുന്നു



● ക്വാറിയിൽ സ്ഥാപിച്ച മീൻ വളർത്തൽ ഫാമിൽ രാജി ജോർജ്

# അന്താരാഷ്ട്ര വനിതാദിനം: മത്സ്യമേഖലയിലെ വിജയഗാഥയ്ക്ക് ഇന്ന് ആദരം

കൊച്ചി: മത്സ്യമേഖലയിൽ സ്ത്രീശാക്തീകരണത്തിന്റെ വിജയഗാഥ രചിച്ച് മാതൃകയാകുകയാണ് രാജി ജോർജും സ്മിജ എം.ബിയും. മത്സ്യകൃഷി ഉൾപ്പെടെയുള്ള സംയോജിതകൃഷി, കൂടുമത്സ്യകൃഷി എന്നിവയിൽ സ്വയം സംരംഭകരായി വിജയം നേടിയരണ്ടുപേരെയും അന്താരാഷ്ട്ര വനിതാദിനത്തിൽ ഇന്നു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ആദരിക്കും. സി.എം.എഫ്.ആർ.ഐയിലെ വിമൻ സെല്ലാണ് ഇരുവരെയും ആദരിക്കുന്നത്. സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന ചടങ്ങിൽ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ ഇരുവർക്കും അംഗീകാരപത്രവും ഉപഹാരവും നൽകി ആദരിക്കും. നടി സുബി സുരേഷ് മുഖ്യാതിഥിയാകും. ഡോ മിറിയം പോൾ ശ്രീറാം, ഡോ സന്ധ്യ സുകുമാരൻ എന്നിവർ പ്രസംഗിക്കും.